# പുസ്തകോത്സവം തുടങ്ങി

മണ്ണുത്തി ● കാർഷിക സർവകലാശാലയുടെ ഹോർട്ടികൾച്ചർ കോളജിൽ ആരംഭിച്ച പുസ്തകോത്സവം പിഎസ്‌സി അംഗവും കഥാകൃത്തുമായ അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്തു. സർവകലാശാല റജിസ്ട്രാർ ഡോ. പി.വി. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ചു.

കയ്യെഴുത്തുപ്രതികൾ അച്ചടിക്കു വഴിമാറിയതുപോലെ പുസ്തകങ്ങൾ ഇ ബുക്കുകൾക്കു വഴിമാറുന്ന കാലഘട്ടമാണിതെന്നും മലയാളത്തിന് അനുയോജ്യമായ ഡിജിറ്റൽ സംവിധാനങ്ങൾ അവലംബിക്കണമെന്നും അശോകൻ ചരുവിൽ അഭിപ്രായപ്പെട്ടു.



വെള്ളാനിക്കര കാർഷിക സർവകലാശാല ഹോർട്ടികൾച്ചർ കോളജിൽ ആരംഭിച്ച പുസ്തകോൽസവം കഥാകൃത്ത് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്യുന്നു.

ജനറൽ കൗൺസിൽ അംഗങ്ങളായ ഡോ. ടി.എൻ. ജഗദീഷ്കുമാർ, ഡോ. ജിജു പി. അലക്സ്, ഡോ. എ. പ്രേമ, സർവകലാശാല ലൈബ്രേറിയൻ കെ.പി. സത്യൻ, സ്റ്റുഡന്റ്സ് യുണിയൻ സെക്രട്ടറി ജി. വിഷ്ണു, ഹോർട്ടികൾച്ചർ കോളജ് ലൈബ്രറി വിഭാഗം മേധാവി ഡോ. എ.ടി. ഫ്രാൻസിസ്, പി.കെ. വൽസലകുമാരി, പി.എസ്. സ്വപ്ന എന്നിവർ പ്രസംഗിച്ചു. അധ്യാപകരായ ഡോ. ജോർജ് തോമസ്, ഡോ. ഡിജി ബാസ്റ്റ്യൻ, വിദ്യാർഥികളായ കെ.എ. ആതിര, എ.കെ. കാർത്തിക എന്നിവരെ അനുമോദിച്ചു. മേള നാളെ സമാപിക്കും. വിവിധ തരം ഇ ബുക്ക് റീഡറുകൾ മേളയിലുണ്ട്.